# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAPTA P12-268/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 30/03/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ

നമ്പർ: KSAPTA P12-268/23 തീയ്യതി: 30/03/2023

## പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-09-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സാബു സി. ജോർജ്ജ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 14-03-2023 | 21-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-03-2023 | 21-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അജ്മൽ എ. എസ്. ഓഡിറ്റ് ഓഫീസർ
ശ്രീമതി സ്മിത റ്റി. സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ആശാ എം. കുരുവിള ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബിന്ദു ചന്ദ്രമോഹൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. രതീഷ് ആർ. ദാസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 13-05-2021 |
| ശ്രീ. ബി. ഉത്തമൻ | സെക്രട്ടറി | 14-05-2021 | 02-08-2021 |
| ശ്രീ. ഗിരിജ ജെ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-08-2021 | 16-08-2021 |
| ശ്രീ. വിക്രമൻ ആചാരി എസ്. | സെക്രട്ടറി | 17-08-2021 | 06-12-2021 |
| ശ്രീമതി ലക്ഷ്മി ദാസ് | സെക്രട്ടറി | 07-12-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. രാജേഷ് പി | മെഡിക്കൽ ഓഫീസർ (സാമൂഹിക ആരോഗ്യകേന്ദ്രം, കല്ലൂപ്പാറ) | 01-04-2021 | 31-03-2022 |
| ഡോ. സിനീഷ് പി. ജോയി | സൂപ്രണ്ട്, താലൂക്ക് ആശുപത്രി മല്ലപ്പള്ളി | 01-04-2021 | 31-03-2022 |
| ശ്രീമതി ജിജിമോൾ പി. കുര്യൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ. സാബു എം.എസ്. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ജാസ്മിൻ കെ. | ശിശുക്ഷേമ വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി രാജവല്ലി എൻ.എസ്. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീ. ദിലീപ് എസ്. ചീരംതോട് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീ. വിഷ്ണു എസ്. | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 24-02-2022 |
| ശ്രീമതി അമ്പിളി കെ.വി. | പട്ടികജാതി വികസന ഓഫീസർ | 25-02-2022 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക കണക്കിലെ അപാകതകൾ | 1-2 |
| 3 | സാമ്പത്തിക നില (റസിപ്റ്റ് & പേമെന്റ് പ്രകാരം) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവുചെലവ് കണക്കിലെ അപാകത | 1-4-1 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | ക്യാഷ് പരിശോധന | 1-6 |
| 8 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 10 | കമ്മിറ്റി തീരുമാനം ലംഘിച്ചുകൊണ്ട് ഹോണറേറിയം നൽകിയിരിക്കുന്നു. | 1-9 |
| 11 | ഇ-ടെണ്ടർ ഫീ 1,19,916 രൂപ തിരികെ ലഭിക്കുവാൻ അവശേഷിക്കുന്നു | 1-10 |
| 12 | മരാമത്ത് പ്രവൃത്തികൾ - ഫയൽ സൂക്ഷിപ്പിലും നിർവ്വഹണത്തിലും അപാകതകൾ | 1-11 |
| 13 | ഭിന്നശേഷിക്കാർക്കായി വാങ്ങിയ ട്രൈസ്കൂട്ടർ - ഉപയോഗശൂന്യമായി ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ | 1-12 |
| 14 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി ഡെപ്പോസിറ്റ് ചെയ്യപ്പെട്ട തുകകളിൽ നിർവ്വഹണ ഏജൻസികളിൽ ശേഷിക്കുന്നത് ലക്ഷങ്ങൾ | 1-13 |
| 15 | തുല്യതാ പഠനം - പഠിതാക്കളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-14 |
| 16 | പാലിയേറ്റീവ് കെയർ പദ്ധതി -മരുന്നുകൾ ലഭിച്ചില്ല | 1-15 |
| 17 | പാലിയേറ്റീവ് കെയർ - വാടക വാഹനം മറ്റാവശ്യങ്ങൾക്കും ഉപയോഗിക്കുന്നു | 1-16 |
| 18 | മരുന്നുകൾ ലഭ്യമായില്ല | 1-17 |
| | ഭാഗം 2 | |
| | --- No Records Found --- | |
| | ഭാഗം 3 | |
| 1 | പണി നടത്താതെ തുക അനുവദിച്ചു | 3-1 |
| | ഭാഗം 4 | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ - വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |

| | | |
|---|---|---|
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-7 |
| 8 | ചാർജ് സർചാർജ് വഴി നഷ്ടം ഈടാക്കിയതിന്റെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

17.02.2021-ലെ ബ്ലോക്ക്പഞ്ചായത്ത് കമ്മിറ്റിയുടെ 1-ാം നമ്പർ തീരുമാന പ്രകാരം 2021-22 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള മുന്നിരിപ്പ് 1176488 രൂപയും വരവ് 175598000 രൂപയും ചെലവ് 175431000 രൂപയും നീക്കിയിരിപ്പ് 1343488 രൂപയുമാണ്.

പരിഷ്കരിച്ച ബജറ്റ് 18.03.2022-ലെ ബ്ലോക്ക്പഞ്ചായത്ത് കമ്മിറ്റിയുടെ 1-ാം തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക കണക്കിലെ അപാകതകൾ

ബ്ലോക്ക്പഞ്ചായത്ത് കമ്മറ്റിയുടെ 10.06.2022-ലെ 5-ാം നമ്പർ തീരുമാന പ്രകാരം 2021-22-ലെ വാർഷിക ധനകാര്യ പത്രിക അംഗീകരിച്ച് ഓഡിറ്റിനായി 22.06.2022-ൽ എയിംസിലൂടെ സമർപ്പിച്ചു. പ്രസ്തുത വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന സംക്ഷിപ്ത ധനകാര്യ റിസൽറ്റുകൾ ചുവടെചേർക്കുന്നു.

1. റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | |
|---|---|
| മുന്നിരിപ്പ് | 4132157 |
| ഓഡിറ്റ് വർഷത്ത വരവ് | 59180889 |
| ആകെ | 63313046 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 55049859 |
| നീക്കിയിരിപ്പ് | 8263187 |

2. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| | |
|---|---|
| ആകെ വരവ് | 49983684 |
| ആകെ ചെലവ് | 42580715 |
| പ്രവർത്തന ലാഭം | 7402969 |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണങ്ങളൂടെ വരുമാനത്തിൽ വർദ്ധനവ് വരുത്തിയത് | 35256 |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണങ്ങളിലൂടെ വരുമാനത്തിൽ കുറവു ചെയ്തത് | 98000 |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണങ്ങളൂടെ ചെലവിനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് | 220000 |
| ആകെ പ്രവർത്തനമിച്ചം (ഗ്രോസ്) | 7685713 |

3. 31-03-2022 പ്രകാരമുള്ള ബാലൻസ് ഷീറ്റ്

| | |
|---|---|
| ആകെ ആസ്തിമൂല്യം | 71538522 |
| ആകെ ബാധ്യത (ജനറൽ ഫണ്ട് ഒഴികെ) | 62208787 |
| ജനറൽ ഫണ്ട് | 9329735 |

മേൽ വിവരിച്ച ധനകാര്യ റിസൽറ്റുകൾ പ്രതിഫലിപ്പിക്കുന്ന ധനകാര്യ പത്രികകൾ ഓഡിറ്റിൽ പരിശോധിച്ചതിലും വിശകലനം ചെയ്തതിലും ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഷെഡ്യൂൾ ബി7: Deposits Received- ഡെപ്പോസിറ്റായി ലഭിക്കുന്ന തുകകൾ തിരികെ നൽകുമ്പോൾ കൃത്യമായി അതേ ഹെഡിൽ കുറവു ചെയ്യുന്നില്ല. തന്മൂലം ബാലൻസായി രേഖപ്പെടുത്തിയിരിക്കുന്ന തുകകൾക്ക് കൃത്യതയില്ല.
2. ഷെഡ്യൂൾ B-11 : ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം അക്കൗണ്ട് ചെയ്തിട്ടില്ല. ആസ്തികളുടെ മൂല്യം പരിശോധിക്കത്തക്കവിധം ആസ്തി രജിസ്റ്റർസൂക്ഷിച്ചിട്ടില്ല.
3. ഷെഡ്യൂൾ B-11(a) Capital Work-in-progress – സാമ്പത്തിക വർഷം പാർട്ട് ബില്ല് ഇല്ലായിരുന്നു. ഈ ഇനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന 1,03,96,545 രൂപ വിവിധ ഏജൻസികൾക്ക് നൽകിയ ഡെപ്പോസിറ്റ് തുകകളാണ്(മുൻ വർഷങ്ങളിലേത്). തെറ്റായ ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. തുക ബന്ധപ്പെട്ട അഡ്വാൻസ് ഹെഡിലേക്കും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിൽ ആസ്തി ഹെഡിലേക്കും മാറ്റേണ്ടതാണ്.

4. ഷെഡ്യൂൾ ബി-18: വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി. എന്നിവിടങ്ങളിൽ പദ്ധതികൾക്കായി നിക്ഷേപിച്ചിരിക്കുന്ന തുകകൾ അഡ്വാൻസ് ഹെഡിൽ കാണിക്കാതെ തെറ്റായ ഹെഡുകളിൽ പോസ്റ്റ് ചെയ്തിട്ടുണ്ട്. വിവിധ നിർവ്വഹണ ഏജൻസികൾക്ക് വർഷങ്ങളായി നൽകിയിട്ടുള്ള മുൻകൂറുകൾ, വിനിയോഗ വിവരം രേഖപ്പെടുത്തി ബന്ധപ്പെട്ട ആസ്തികളിലേക്ക് മാറ്റിയിട്ടില്ല.
5. ഷെഡ്യൂൾ ബി-18: Advance To Implementing Officers:- വിനിയോഗ വിവരം കൃത്യമാക്കി അക്കൗണ്ട് ചെയ്തിട്ടില്ല. നീക്കിയിരുപ്പ് തുക കൃത്യമല്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന അപാകതകൾ തുടർനടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു. അപാകതകൾ പരിഹരിച്ച് നോട്ട്സ് ഓൺ അക്കൗണ്ട് സഹിതം വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക നില (റസിപ്റ്റ് & പേമെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 4132157 |
| ഓഡിറ്റ് വർഷത്ത വരവ് | 59180889 |
| ആകെ | 63313046 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 55049859 |
| നീക്കിയിരിപ്പ് | 8263187 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | സർക്കാർ ഉത്തരവ് പ്രകാരമുള്ള അലോട്ട് മെന്റ് തുക | യഥാർത്ഥ വരവ് ചെലവുകൾ | | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|
| | | വരവ് | ചെലവ് | |
| | A | B | C | A-C |
| വികസനഫണ്ട് (ജനറൽ) | 15913531 | 15913531 | 15416083 | 497448 |
| വികസനഫണ്ട് (എസ്.സി.പി) | 10374782 | 10374782 | 9664240 | 710542 |
| വികസനഫണ്ട് (ടി.എസ്.പി) | 161000 | 161000 | 120000 | 41000 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-tied) | 5288475 | 5288475 | 3116000 | 2172475 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 3894422 | 3894422 | 3811998 | 82424 |
| സംരക്ഷണ ഫണ്ട് -റോഡിതരം | 5798582 | 5798582 | 4374130 | 1424452 |

| കേന്ദ്രാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | |
|---|---|---|---|---|---|
| IWMP | 1696583 | 5855804 | 7552387 | 7552387 | 0 |

## 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവുചെലവ് കണക്കിലെ അപാകത

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, 31.03.2022-ലെ സ.ഉ. (സാധാ) നം. 2617/22 പ്രകാരം റോഡിതര സംരക്ഷണ ഗ്രാന്റിനത്തിൽ അനുവദിച്ച തുക വരവിൽ എടുത്തിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഗ്രാന്റിനം | സർക്കാർ | ഗ്രാന്റ്സ്റ്റേറ്റ്മെന്റ് | ഗ്രാന്റ്സ്റ്റേറ്റ്മെന്റിലെ ന്യൂനത |
|---|---|---|---|

| | ഉത്തരവ് പ്രകാരമുള്ള അലോട്ട് മെന്റ് തുക | പ്രകാരമുള്ള വരവ് ചെലവുകൾ | | |
|---|---|---|---|---|
| | | വരവ് | ചെലവ് | |
| റോഡിതര സംരക്ഷണ ഗ്രാന്റ് | 5798582 | 5488941 | 4374130 | ₹ 309641 രൂപ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വരവിൽ എടുത്തിട്ടില്ല.<br>(31.03.2022-ലെ സ.ഉ. (സാധാ) നം. 2617/22 പ്രകാരം വികസനഫണ്ടിലേയും സംരക്ഷണഫണ്ടിലേയും മുൻവർഷത്തെ ക്യാരി ഓവർ തുകയുടെ പകുതി അനുവദിച്ചിരുന്നു. ഇതിൽ റോഡിതര സംരക്ഷണ ഗ്രാന്റിനത്തിൽ അനുവദിച്ച തുകയായ 309641 രൂപ ബ്ലോക്ക് പഞ്ചായത്ത് വരവിൽ എടുത്തിട്ടില്ല.) |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | നടപ്പിലാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 76 | 60041612 | 62 | 37722788 | 14 | 82% |

വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളുടെ പരിധിയിൽ വരുന്ന വിഷയങ്ങളിൽ ആഴത്തിലുള്ള വിശകലനങ്ങൾ നടത്തി ഏറ്റവും പ്രാധാന്യമുള്ള പ്രോജക്ടുകൾ നിർദേശിക്കുന്നതിനു പകരം മുൻവർഷങ്ങളിൽ ചെയ്തതുപോലെ ആവർത്തനപരമായ പ്രോജക്ടുകൾ നിർദേശിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. സ്റ്റാന്റിംഗ് കമ്മറ്റികളിൽ വാർഷിക പദ്ധതി സംബന്ധിച്ച് വിശദമായ വിശകലനങ്ങൾ നടത്താതെ വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദേശങ്ങൾ അതേപടി അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്.വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | *ആവിഷ്കരിച്ച പ്രോജക്ടുകൾ* | *നടപ്പിലാക്കിയ പ്രോജക്ടുകൾ* | *അടങ്കൽ തുക* | *ചെലവഴിച്ച തുക* | *ചെലവ് ശതമാനം* |
|---|---|---|---|---|---|
| സെക്രട്ടറി | 35 | 24 | 37365728 | 20461500 | 55% |
| അസിസ്റ്റന്റ് എഞ്ചിനീയർ | 12 | 11 | 5881893 | 4856832 | 83% |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 4 | 3 | 1120000 | 420000 | 37% |
| ശിശു വികസന പ്രോജക്ട് ഓഫീസർ | 5 | 5 | 1828450 | 1569851 | 86% |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, കല്ലുപ്പാറ | 5 | 4 | 1390000 | 1151755 | 83% |
| മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി, മല്ലപ്പള്ളി | 8 | 8 | 4219618 | 3858543 | 91% |
| ഡെയറി എക്സ്റ്റൻഷൻ ഓഫീസർ | 4 | 4 | 5586360 | 2879558 | 52% |

| | | | | | |
|---|---|---|---|---|---|
| പട്ടികജാതി വികസന ഓഫീസർ | 3 | 3 | 2649563 | 2524749 | 95% |
| | 76 | 62 | 60041612 | 37722788 | 63% |

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.03.2023-ൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനാ വേളയിൽ നീക്കിയിരിപ്പ് തുക ഇല്ലായെന്ന് ബോദ്ധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവിൽ തൃപ്തികരമാണ്. ജീവനക്കാരുടെ ചുമതലകൾ വ്യക്തമായി നിർണ്ണയിച്ചുകൊണ്ട് ജോലിവിഭജനം നടത്തിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണവുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1. വാർഷിക കണക്ക് തയ്യാറാക്കുന്നതിൽ 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പാലിക്കുന്നില്ല. വരവ് ചെലവുകൾ തെറ്റായ ശീർഷകങ്ങളിൽ രേഖപ്പെടുത്തുന്നതിനാൽ ബ്ലോക്ക് പഞ്ചായത്തിന്റെ സാമ്പത്തിക നില കൃത്യമായി അപഗ്രഥനം ചെയ്യുന്നതിന് സാധിക്കുന്നില്ല.
2. അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ മുൻകൂറുകളുടെ ക്രമീകരണം ഉറപ്പാക്കുവാൻ കഴിയുന്നില്ല.
3. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം നിരീക്ഷിക്കുന്നില്ല.
4. ആസ്തിയുടെ മൂല്യം പരിശോധിക്കത്തക്കവണ്ണം ആസ്തി രജിസ്റ്റർ കൃത്യവും കാലികവുമാക്കി സൂക്ഷിക്കുന്നില്ല.
5. വിനിയോഗസാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് ആസ്തികൾ മൂലധന ശീർഷകത്തിലേക്ക് ക്രമീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. കൈമാറിക്കിട്ടിയ ആഫീസുകളിലേതുൾപ്പടെ ബ്ലോക്ക് പഞ്ചായത്തിലെ ഉദ്യോഗസ്ഥരുടെ പേര്, ഉദ്യോഗപ്പേര്, വീട്ട് വിലാസം, ഫോൺ നമ്പർ, ചുമതല വഹിച്ച കാലയളവ്, സ്ഥലം മാറിപ്പോകുമ്പോൾ അക്കാര്യവും, ഏത് ഓഫീസിലേക്കാണ് പോയതെന്നുമുള്ള വിവരങ്ങൾ മുതലായവ അടങ്ങിയ ഇൻകുംബൻസി മാസ്റ്റർ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതിന് മേൽ സൂചിപ്പിച്ച അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.03.2019 | 2018-19 | 10.07.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.01.2018 | 2012-13 മുതൽ 2016-17 വരെ | 05.02.2018 |

## 1-9 കമ്മിറ്റി തീരുമാനം ലംഘിച്ചുകൊണ്ട് ഹോണറേറിയം നൽകിയിരിക്കുന്നു.

വയോജന ക്ലബ് രൂപീകരണവും തുടർ പ്രവർത്തനങ്ങളും (പ്രോജക്ട് നം: 35/22)എന്ന പ്രോജക്ടിന്റെ ഭാഗമായി ക്ലബ്ബ് അംഗങ്ങൾക്ക് ബോധവൽകരണ ക്ലാസ്സുകൾ സംഘടിപ്പിച്ചതിന് സർക്കാർ ഉദ്യോഗസ്ഥർക്ക് ഹോണറേറിയം നൽകിയിട്ടുണ്ട്. ബോധവൽകരണ ക്ലാസ്സുകൾ എടുക്കുന്നതിന് ഗവ. ഉദ്യോഗസ്ഥർക്ക് ഹോണറേറിയം നൽകേണ്ടതില്ല എന്ന് CDPO ക്ക് മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി നിർദ്ദേശം നൽകിയിരുന്നു [ 11-10-21 ലെ II (9) നംപർ തീരുമാനം] . എന്നാൽ ഇതിന് വിരുദ്ധമായി തുക ചെലവഴിച്ചിട്ടുണ്ട്.

11.10.2021 & 12.10.2021 തീയതികളിൽ ക്ലാസ്സുകൾ എടുത്തിട്ടുള്ളത് ശ്രീമതി സിന്ധു (JPHN ), പ്രഭിതാ കുമാരി (JPHN ), സിജാകുമാരി (JPHN ) , സിന്ധു P. S. (Health Inspector), ഡിൻസി വർഗ്ഗീസ് (Jr PHN ), മറിയാമ്മ മാത്യു (General Nurse), അനിയൻ ചാണ്ടി (JHI), ഇന്ദു AR (JPHN) , സി.ആർ ബൈജു (Jr HI), ശ്രീകല (JPHN) എന്നിവരാണ്. ഇവർക്ക് 500/- രൂപ വീതം ഹോണറേറിയം നൽകിയിട്ടുണ്ട്. ഇപ്രകാരം 6500/- രൂപ ചെലവഴിച്ചിരിക്കുന്നു [ Bill No: 03/21- 22; 15.11.2021]. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.4 തീയതി 16.3.2023 നൽകിയിരുന്നു. കമ്മിറ്റിയുടെ തീരുമാനം അറിയുവാൻ വൈകിയതു കൊണ്ടാണ് ഹോണറേറിയം

നൽകുവാൻ ഇടയായിട്ടുള്ളത് എന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥ നൽകിയിട്ടുള്ളത്. ഇക്കാര്യത്തിൽ തുടർ കമ്മിറ്റി തീരുമാനം പരിഗണിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർ വർഷങ്ങളിൽ പദ്ധതി നിർവ്വഹണം നടത്തുമ്പോൾ കമ്മിറ്റി തീരുമാനങ്ങൾ കൃത്യമായി പാലിച്ചു കൊണ്ട് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 ഇ-ടെണ്ടർ ഫീ 1,19,916 രൂപ തിരികെ ലഭിക്കുവാൻ അവശേഷിക്കുന്നു

അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ, അസിസ്റ്റന്റ് എൻജിനീയർ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ കരാറുകാർ ഒടുക്കിയ തുക ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല.

28/9/13-ലെ ജി.ഒ(എം.എസ്) നം.318/2013/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ്, ഇ.എം.ഡി. എന്നിവ ഓൺലൈനായി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കുവാൻ നിർദ്ദേശിച്ചിരുന്നു. മല്ലപ്പള്ളി ബ്ലോക്ക്പഞ്ചായത്ത് 2016-17 മുതൽ നടപ്പാക്കിയിട്ടുള്ള ഇ-ടെണ്ടർ പ്രവൃത്തികൾക്ക് ഒടുക്കിയിട്ടുള്ള ടെണ്ടർ ഫീസ് ബ്ലോക്ക്പഞ്ചായത്തിന് തിരികെ ലഭിക്കാനുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | മരാമത്ത് പ്രവൃത്തികളുടെ എണ്ണം | ടെണ്ടർ ഫീസ് |
|---|---|---|
| 2016-17 | 15 | 40,700 |
| 2017-18 | 8 | 4,704 |
| 2018-19 | 9 | 31,000 |
| 2019-20 | 12 | 2,500 |
| 2020-21 | 7 | 27,476 |
| 2021-22 | 5 | 13,536 |
| ആകെ | | 1,19,916 |

തുക 119916/- ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ സ്വീകരിച്ചിട്ടുള്ള തുടർ നടപടി സംബന്ധിച്ച് ആരാഞ്ഞപ്പോൾ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നതായും ഇതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, മല്ലപ്പള്ളി ശാഖയിൽ 77775567214-ാം അക്കൗണ്ട് നമ്പർ- ആയി അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കി. ടെണ്ടർ ഫീ ഈ അക്കൗണ്ടിൽ മുതൽക്കൂട്ടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-11 മരാമത്ത് പ്രവൃത്തികൾ - ഫയൽ സൂക്ഷിപ്പിലും നിർവ്വഹണത്തിലും അപാകതകൾ

2021-22 സാമ്പത്തിക വർഷത്തിലെ മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

(എ) പണി നടത്താതെ തുക അനുവദിച്ചു

മല്ലപ്പള്ളിബ്ലോക്ക് പഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന പദ്ധതി, സ്പിൽ ഓവറായി പ്രോജക്ട് നം. S0053/22-പനക്കപതാൽ സാംസ്കാരിക നിലയം അറ്റകുറ്റപണി വാർഡ് 3 കൊറ്റനാട് ഗ്രാമപഞ്ചായത്ത്- എന്ന പേരിൽ 2021-22-ൽ നടപ്പിലാക്കി. അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായ ടി പ്രോജക്ടിന്റെ ആകെ ചെലവ് 356779/- രൂപ വികസന ഫണ്ട് (എസ്.സി.പി.)). 13.01.2021-ൽ Agrt No. 14/2020-21/AE/LSGD/MLPY -ആയി ഡേവിസ് കെ. ചെറിയാൻ, കുറുംതോട്ടിക്കൽ വീട്, പെരുമ്പെട്ടി എന്ന കരാറുകാരന് 6 മാസ കാലയളവിൽ പണി പൂർത്തീകരിക്കുന്നതിലേക്ക് കരാർ നൽകിയതാണ്. ഇ-ടെണ്ടർ വഴി വർക്ക് ഏറ്റെടുത്ത പ്രവൃത്തിയ്ക്ക്, ഐറ്റം റേറ്റ് കോൺട്രാക്ട് പ്രകാരമാണ് ടി ആൾ കരാർ ഏറ്റെടുത്തിരിക്കുന്നത്. 16.08.2021-ൽ പൂർത്തീകരിച്ച പ്രസ്തുത പ്രവൃത്തി 25.02.2022-ൽ അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ ചെക്ക് മെഷർചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് 26.02.2022-ൽ പ്രതിഫലം നൽകുകയുമുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ഫണ്ടിനം | : | വികസന ഫണ്ട് (എസ്.സി.പി.) |
| ചെലവ് തുക | : | ₹ 356779/- |

| | |
|---|---|
| | BRNo. 21050863015401213883 Date 26.02.2022 |

പ്രവൃത്തിയുടെ പൂർത്തീകരണം പരിശോധിയ്ക്കുന്നതിന് 21.03.2023-ന് 11 മണിയ്ക്ക് ഭൗതികപരിശോധന നടത്തിയതിൽ ഏറ്റെടുത്ത വർക്കുകളിൽ ചുവടെ ചേർക്കുന്ന പ്രവൃത്തി നടത്തിയിട്ടില്ലായെന്ന് വ്യക്തമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | എഗ്രിമെന്റ് പ്രകാരമുള്ള നിരക്ക് | M-Book പ്രകാരം നൽകിയ നിരക്ക് |
|---|---|---|
| 35 – Wall Painting With Acrylic Emulsion Paint Of Approved Brand | | |
| M -Book No. 14<br>Pg No. 80 | 286.330 Sqm @ 116.48/sqm<br>= ₹ 33,351.72 | 241.624 Sqm @ 116.48/sqm<br>= ₹ 28144.36 |

ഭൗതിക പരിശോധനയിൽ ടി കെട്ടിടത്തിന്റെ പരാമർശിച്ചിരിക്കുന്ന സ്ഥലങ്ങളായ ടോയിലറ്റ്, കിച്ചൺ, സാംസ്കാരിക നിലയം(അകം & പുറം) കോമ്പൗണ്ട് വാൾ, പില്ലർ സൈഡ് എന്നിവിടങ്ങളിൽ Single Coat Of Water Thinnable Primer മാത്രം ഉപയോഗിച്ചിട്ടുള്ളുവെന്ന് വ്യക്തമായി (ചിത്രങ്ങൾ 1,2 )(ഇനം നം. 34 പ്രകാരമുള്ള ചെലവ്).

ചിത്രം : 1



ചിത്രം : 2



ഇപ്രകാരം യഥാർത്ഥത്തിൽ ചെയ്യാത്ത ഇനം പ്രവൃത്തി ചെയ്തതായി എം-ബുക്കിലും, അന്തിമ ബില്ലിലും രേഖപ്പെടുത്തി കരാറുകാരന് പ്രതിഫലം നൽകിയതായി വ്യക്തമായിട്ടുണ്ട്. ചെയ്യാത്ത പ്രവൃത്തിയ്ക്ക് തുക അനുവദിച്ചതിനുള്ള വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 13 തീയതി 21.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെയ്യാത്ത പ്രവൃത്തിയ്ക്ക് അനുവദിച്ച നൽകിയ തുക ഓഡിറ്റിൽ അംഗീകരിക്കാവുന്നതല്ല.

ആയതിനാൽ പ്രസ്തുത ഇനത്തിന് നൽകിയ തുക 28144.36 രൂപയും ടി പ്രവൃത്തി നടപ്പിലാക്കിയതായി കണക്കാക്കി കരാറുകാരന് നൽകിയ ജി.എസ്.റ്റി. കോമ്പൻസേഷൻ 3377 രൂപയും (28144 ന്റെ 12% = 3377 ) ഉൾപ്പെടെ 31521 രൂപ പ്രോജക്ട് നിർവ്വഹണം നടത്തിയ അസിസ്റ്റന്റ് എഞ്ചിനീയറിൽനിന്നും വർക്ക് ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറിൽ നിന്നും തുല്യമായി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. യഥാർത്ഥത്തിൽ നിർവ്വഹിക്കാത്ത പ്രവൃത്തി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തുന്നത് കൃത്രിമ രേഖ ചമയ്ക്കുന്നതിന് തുല്യമായ ക്രമരഹിത നടപടി ആയതിനാൽ ഇക്കാര്യത്തിൽ ഭരണതല നടപടികളും ആവശ്യമാണ്.

(ബി) അവശ്യ രേഖകളുടെ അഭാവം - പരിശോധന സാധ്യമല്ലാതാകുന്നു

2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന പദ്ധതി, S0052/22-മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് 2020-21 പുന്നമൺ എസ്.സി കോളനി സംരക്ഷണ ഭിത്തി നിർമ്മാണം വാർഡ് 10 കുന്നന്താനം പഞ്ചായത്ത് (സ്പിൽ ഓവർ)-എന്ന പേരിൽ പുന്നമൺ എസ്.സി കോളനിയിലെ വിവിധ വീടുകളുടെ അതിരുകളിൽ സംരക്ഷണ ഭിത്തി നിർമ്മിയ്ക്കുകയുണ്ടായി. പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ഫണ്ടിനം | : | വികസനഫണ്ട് (എസ്.സി.പി.) |
| വകയിരുത്തിയ തുക | : | ₹ 984081 |
| ചെലവ് തുക | : | ₹ 981117 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസിസ്റ്റന്റ് എഞ്ചിനിയർ |

ടി പ്രോജക്ടിന്റെ ഫയലിനൊപ്പം കോളനിയിലെ ഏതൊക്കെ വീടുകൾക്കാണ്, എത്ര സംരക്ഷണ ഭിത്തികളാണ് നിർമ്മിക്കുന്നതെന്ന് സൂചിപ്പിക്കുന്ന സൈറ്റ് പ്ലാൻ, സംരക്ഷണ ഭിത്തികളുടെ RCC അളവ്, PCC ഘനം, DR MASONRY ഉയരം, BOTTOM നീളം, വീതി എന്നിവയുടെ ക്രോസ്സ് സെക്ഷൻ തയ്യാറാക്കി ഫയലിനൊപ്പം സൂക്ഷിച്ചിരുന്നില്ല. വ്യത്യസ്ത ഉയരവും അളവുകളുമുള്ള കരിങ്കൽ കെട്ടിന്റെ അളവുകൾ കൃത്യമായി മനസ്സിലാക്കുന്നതിന് വിശദമായി ഓരോ കെട്ടുകളുടെയും അളവുകൾ രേഖപ്പെടുത്തി സ്കെച്ച് പ്ലാൻ തയ്യാറാക്കിയിരുന്നില്ല. എം-ബുക്കിലും സംരക്ഷണ ഭിത്തി നിർമ്മിച്ചിട്ടുള്ളത് എവിടെയെല്ലാമാണെന്ന് കൃത്യമായ രേഖപ്പെടുത്തലുകൾ ഇല്ല.

20.03.2023-ൽ ഭൗതിക പരിശോധന നടത്തിയതിൽ പല വീടുകൾക്കും സംരക്ഷണ ഭിത്തി നിർമ്മിച്ച് നൽകിയിട്ടുണ്ടെങ്കിലും, ഗ്രാമപഞ്ചായത്തും ഇതേ കാലയളവിൽ സംരക്ഷണ ഭിത്തി നിർമ്മിച്ച് നൽകിയിട്ടുള്ളതുകൊണ്ട് ബ്ലോക്ക് പഞ്ചായത്ത് നിർവ്വഹിച്ച പദ്ധതി പ്രകാരമുള്ള കരിങ്കൽകെട്ട് ഏതെന്ന് വേർതിരിച്ചറിയുന്നതിന് പ്രദേശ വാസികൾക്ക് സാധിച്ചില്ല. നിർവ്വഹണം നടത്തിയിരുന്ന അസിസ്റ്റന്റ് എഞ്ചിനീയറും ഓവർസിയറും സ്ഥലം മാറി പോയിട്ടുള്ളതിനാൽ നിലവിലുള്ള ഉദ്യോഗസ്ഥർക്കും ഇതിനെക്കുറിച്ച് വ്യക്തമായ അറിവില്ല. ഈ കാരണങ്ങളാൽ സംരക്ഷണ ഭിത്തി നിർമ്മാണം വിജയപ്രദമായി നിർവ്വഹിച്ചുവോയെന്ന് ഭൗതിക പരിശോധനാ വേളയിൽ ഓഡിറ്റിന് വിലയിരുത്തുവാൻ സാധിച്ചില്ല. ഒരേ സമയം ബ്ലോക്ക് പഞ്ചായത്തും ഗ്രാമപഞ്ചായത്തും സമാന പദ്ധതി ഏറ്റെടുത്ത് നടത്തിയിട്ടുള്ളതിനാൽ ഇരട്ടിപ്പ് വന്നിട്ടുണ്ടോയെന്നും വ്യക്തമല്ല. സമാനമായ പ്രവൃത്തികൾ ഒരു പ്രദേശത്ത് ഭിന്ന തലത്തിൽ ഏറ്റെടുക്കുന്ന പ്രവണത ഒട്ടും തന്നെ ഉചിതമല്ല.

തുടർ വർഷങ്ങളിൽ പദ്ധതികൾ തയ്യാറാക്കുമ്പോൾ നിർവ്വഹണ വിവരങ്ങൾ വ്യക്തമായും മനസ്സിലാകത്തക്ക വിധമുള്ള അവശ്യ രേഖകൾ ഫയലിനൊപ്പം തയ്യാറാക്കി വയ്ക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-12 ഭിന്നശേഷിക്കാർക്കായി വാങ്ങിയ ട്രൈസ്കൂട്ടർ - ഉപയോഗശൂന്യമായി ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ

ബ്ലോക്ക് പഞ്ചായത്ത് ഓഫീസിന്റെ പിറകു വശത്തുള്ള ഷെഡിൽ അലക്ഷ്യമായി വച്ചിട്ടുള്ള ട്രൈസ്കൂട്ടർ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഇതിന്റെ വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ട് ഓഡിറ്റ് അന്വേഷണ കുറിപ്പ് (നം. 7/ 20.03.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേലുള്ള തുടർ നടപടികളുടെയും വിവരങ്ങൾ പരിശോധിച്ചതിൽ ടി ട്രൈസ്കൂട്ടർ, 2015-16-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 'S0035/16-വികലാംഗർക്ക് ട്രൈസ്കൂട്ടർ വിതരണം' എന്ന പദ്ധതി പ്രകാരം വാങ്ങിയിട്ടുള്ളതാണെന്ന് വ്യക്തമായി. ഇതിൽ പൊതുവിഭാഗം വികസന ഫണ്ടിൽനിന്നും 1150000 രൂപയും, ജനറൽ പർപ്പസ് ഫണ്ടിൽനിന്നും 20000 രൂപയും ഉൾപ്പടെ ആകെ 1170000 രൂപ വകയിരുത്തി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയാണ് നിർവ്വഹണം നടത്തിയിരിക്കുന്നത്. ഭിന്നശേഷിക്കാരായ 17 ഗുണഭോക്താക്കൾക്ക് സൈഡ് വീലുള്ള സ്കൂട്ടർ നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. എന്നാൽ വിതരണം നടക്കുന്നതിന് മുൻപ് അതിലെ ഒരു ഗുണഭോക്താവായ സുരേന്ദ്രൻ എന്ന വ്യക്തി മരണപ്പെട്ടു പോയതിനാൽ അയാളുടെ പേരിൽ താൽക്കാലിക രജിസ്ട്രേഷൻ നടത്തിയിരുന്ന ടി ട്രൈസ്കൂട്ടർ വിതരണം ചെയ്യാതെ കിടക്കുകയാണുണ്ടായത്.




2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങിയ ടി ട്രൈസ്കൂട്ടർ പിന്നീടുള്ള വർഷങ്ങളിൽ പദ്ധതിയിൽ ഉൾപ്പെടുത്തി ഭിന്നശേഷിക്കാരായ ഗുണഭോക്താക്കൾക്ക് നൽകിയിട്ടില്ല. തുടർന്നുള്ള വർഷങ്ങളിൽ സെക്രട്ടറി/ ശിശുക്ഷേമവികസന ഓഫീസർ എന്നിവർ ട്രൈസ്കൂട്ടർ വിതരണ പദ്ധതി ഏറ്റെടുത്തു നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ആ

അവസരത്തിലൊന്നും ടി ട്രൈസ്റ്റ്ലർ വിതരണം ചെയ്യുന്നതിന് വേണ്ട ശുപാർശ കമ്മിറ്റിയിൽ നൽകുകയോ, അതിനായി തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്യാതിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുള്ള കൃത്യവിലോപമായി കണക്കാക്കുന്നു.

ടി ട്രൈസ്റ്റ്ലർ വാങ്ങിയിട്ട് 7 വർഷം പിന്നിടുന്നു. ഇത് നിലവിൽ ഉപയോഗിക്കുവാൻ പറ്റിയതാണോയെന്ന് വ്യക്തമല്ല. സർക്കാരിന്റെ തന്നെ മെക്കാനിക്കൽ വിഭാഗത്തിലെ ക്ഷമതയുള്ള ഒരു ഉദ്യോഗസ്ഥൻ ഇത് സംബന്ധിച്ച് കൃത്യമായ പരിശോധന നടത്തി ടി ട്രൈസ്റ്റ്ലർ ഉചിതമാർഗ്ഗേന കൈയൊഴിയുന്നതിന് വേണ്ട തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

സർക്കാർ ഫണ്ട് കൈകാര്യം ചെയ്യുമ്പോൾ ഉദ്യോഗസ്ഥർ ജാഗ്രത പുലർത്തുന്നതിനും കെടുകാര്യസ്ഥതയില്ലാതെ പദ്ധതികൾ പൂർത്തീകരിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതി ഈ വിഷയത്തിൽ വേണ്ട തുടർനടപടികൾ സ്വീകരിക്കുന്നതിനായി ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-13 ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി ഡെപ്പോസിറ്റ് ചെയ്യപ്പെട്ട തുകകളിൽ നിർവ്വഹണ ഏജൻസികളിൽ ശേഷിക്കുന്നത് ലക്ഷങ്ങൾ

ബ്ലോക്ക്പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക പ്രകാരം വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി ഏജൻസികളിൽ നിക്ഷേപിച്ചിരിക്കുന്നത്ചുവടെ ചേർക്കും പ്രകാരമുള്ള തുകകളാണ്.

| | |
|---|---|
| കേരളാ വാട്ടർ അതോറിറ്റി | 34,98,195 |
| കേരളാ ഇലക്ട്രിസിറ്റി ബോർഡ് | 1,05,30,400 |

ഇത് ഏത് വർഷം മുതലുള്ള നിക്ഷേപ പ്രവൃത്തികളുടെ നീക്കിയിരിപ്പാണെന്നും ഇതിൽ പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടും ആസ്തിയിലേക്ക് മാറ്റാതെയും, വാർഷിക ധനകാര്യ പത്രികയിൽ ക്രമീകരിക്കാതെയും കിടക്കുന്ന തുകകളുടെ വിവരം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 02 തീയതി 15.03.2023) നൽകിയ മറുപടിയിൽ വാർഷിക ധനകാര്യ പത്രിക പ്രകാരം കേരളാ വാട്ടർ അതോറിറ്റിയിൽ 34,98,195 രൂപ നിക്ഷേപമായി ക്രമീകരിക്കാതെ അവശേഷിച്ച് കിടക്കുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ 31,48,038 രൂപയാണ് വിനിയോഗസാക്ഷ്യപത്രം ലഭിക്കാത്തതുമൂലം ക്രമീകരിക്കുവാൻ അവശേഷിക്കുന്നതെന്ന് മറുപടി ലഭ്യമാക്കി. അപ്രകാരം തന്നെ വാർഷിക ധനകാര്യ പത്രിക പ്രകാരം കേരളാ ഇലക്ട്രിസിറ്റി ബോർഡിൽ 1,05,30,400 രൂപയാണ് നിക്ഷേപമായി ക്രമീകരിക്കാതെ അവശേഷിക്കുന്നതായി കാണിച്ചിരിക്കുന്നതെങ്കിലും യഥാർത്ഥത്തിൽ 53,96,717 രൂപ മാത്രമാണ് വിനിയോഗസാക്ഷ്യപത്രം ലഭിക്കാത്തതുമൂലം ക്രമീകരിക്കുവാൻ അവശേഷിക്കുന്നതെന്ന് വ്യക്തമാക്കി. വ്യത്യസ്ത കാലഘട്ടങ്ങളിലായി തെറ്റായി അക്കൗണ്ട് ചെയ്തതുമൂലവും തെറ്റായി തുകകൾ ക്രമീകരിച്ചതുമൂലവുമാണ് ഇപ്രകാരം കണക്കിൽ അപാകത വന്നിട്ടുള്ളത്. ക്രമീകരിക്കാനുള്ള തുകയുടെ കൃത്യത സ്ഥാപനതലത്തിൽ ഉറപ്പാക്കിയിട്ടില്ല.

ടി സ്ഥാപനങ്ങളിൽ നിലവിൽ ക്രമീകരിക്കുവാനുള്ള തുകകൾ സംബന്ധിച്ച വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര്, പ്രോജക്ട് നമ്പർ | ഡെപ്പോസിറ്റ് ചെയ്ത തുക | തീയതി | നിർവ്വഹണ ഏജൻസി | പദ്ധതിയുടെ നിലവിലെ അവസ്ഥ |
|---|---|---|---|---|
| S0010/20 മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് പൈപ്പ് ലൈൻ നീട്ടൽ(ജനറൽ)- പ്ലാക്കുട്ടത്തിൽ പെരുവള്ളൂർ ഇടവഴിയിൽ റോഡ് | 86000 | 11.03.2019 | KWA | വിവരം ലഭ്യമാക്കിയില്ല |
| S0010/20 മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് പൈപ്പ് ലൈൻ നീട്ടൽ(ജനറൽ)- കീഴ്വായിപൂർ പുന്നശ്ശേരിപട് സമരമുക്ക് | 125000 | 11.03.2019 | KWA | ” |
| S0013/21 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ -ശാന്തി റോഡ് കല്ലൂപ്പാറ പഞ്ചാത്ത് | 330000 | 10.02.2021 | KWA | ” |

| | | | | |
|---|---|---|---|---|
| S0013/21 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പാറോക്കടവ് കിഴക്കേക്കര കണ്ടപറമ്പിൽ റോഡ് | 73000 | 10.02.2021 | KWA | ” |
| S0013/21 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - കൊസൂർപടി കാരുത വടശ്ശേരികടവ് മീനാട്ടിൽപടി വാക്കയിൽപടി | 504000 | 10.02.2021 | KWA | ” |
| S0013/21 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ -ചെങ്ങരൂർ ശാസ്താംങ്കൽ റോഡ് -പുതിയവീട്ടിൽപടി വാകയിൽപടി | 115000 | 10.02.2021 | KWA | ” |
| S0013/21 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ -ഇടമുറിക്കൽ കുന്നേൽപടി | 244000 | 10.02.2021 | KWA | ” |
| S0013/21 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ -കരിയമണൽ കാരക്കൽ റോഡ് | 389000 | 10.02.2021 | KWA | ” |
| S0013/21 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ -പാറേൽപടി കടത്തുമുറിപടി | 211000 | 10.02.2021 | KWA | ” |
| S0013/21 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ -വെറ്റനറി ഹോസ്പിറ്റൽ താന്നിയ്ക്കപയ്ക്ക വാർഡ്-4 കോട്ടാങ്ങൽ | 500000 | 16.09.2020 | KWA | ” |
| S0017-21 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (SCP)- കത്തോലിക്കാപള്ളി കാട്ടൂർക്കടവ് കോട്ടാങ്ങൽ പഞ്ചായത്ത് | 500000 | 18.01.2021 | KWA | ” |
| S0061/22 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-പെരിമ്പാറ കൊച്ചിരിപ്പ റോഡ് പൈപ്പ് ലൈൻ | 71038 | 18.01.2021 | KWA | ” |
| കേരളാ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തതിൽ വിനിയോഗസാക്ഷ്യപത്രം ലഭിക്കുവാൻ അവശേഷിക്കുന്നത് ₹ 31,48,038 | | | | |
| S0012/21-മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി ലൈൻ നീട്ടൽ KSEB ഡിപ്പോസിറ്റ് ( ജനറൽ)- കൊറ്റനാട് പഞ്ചായത്ത് | 17700 | 04.9.2020 | KSEB | ” |
| S0012/21-മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി ലൈൻ നീട്ടൽ KSEB ഡിപ്പോസിറ്റ് ( ജനറൽ)- കൊറ്റനാട് പഞ്ചായത്ത് | 69620 | 04.9.2020 | KSEB | ” |
| S0012/21-മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് | 35400 | 04.11.2020 | KSEB | ” |

| | | | | |
|---|---|---|---|---|
| വൈദ്യുതി ലൈൻ നീട്ടൽ KSEB ഡിപ്പോസിറ്റ് ( ജനറൽ)-മുക്കഴി പാറക്കാട്ടുപടി | | | | |
| S0012/21-മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി ലൈൻ നീട്ടൽ KSEB ഡിപ്പോസിറ്റ് ( ജനറൽ)-കവിയൂർ പഞ്ചായത്ത് | 177209 | 22.09.2020 | KSEB | ” |
| S0058/22-മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി ലൈൻ നീട്ടൽ KSEB ഡിപ്പോസിറ്റ് ( ജനറൽ)- | 41300 | 24.03.2022 | KSEB | ” |
| S0010/22-മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി ലൈൻ നീട്ടൽ KSEB ഡിപ്പോസിറ്റ്-2021-22 | 236000 | 17.03.2022 | KSEB | ” |
| S0058/22-മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി ലൈൻ നീട്ടൽ KSEB ഡിപ്പോസിറ്റ് ( ജനറൽ)- | 359900 | 30.03.22022 | KSEB | ” |
| S0010/22-മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി ലൈൻ നീട്ടൽ KSEB ഡിപ്പോസിറ്റ്-2021-22 | 564866 | 28.02.2022 | KSEB | ” |
| S0010/22-മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി ലൈൻ നീട്ടൽ KSEB ഡിപ്പോസിറ്റ്-2021-22 | 457132 | 28.02.2022 | KSEB | ” |
| S0010/22-മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി ലൈൻ നീട്ടൽ KSEB ഡിപ്പോസിറ്റ്-2021-22 | 542328 | 26.02.2022 | KSEB | ” |
| S0058/22-മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ -ജനറൽ | 675550 | 06.12.2021 | KSEB | ” |
| S0058/22-മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ -ജനറൽ | 759920 | 22.01.2022 | KSEB | ” |
| S0076/22-മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി ലൈൻ നീട്ടൽ -SO | 82246 | 28.02.2022 | KSEB | ” |
| S0010/22-മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി ലൈൻ നീട്ടൽ KSEB ഡിപ്പോസിറ്റ്-2021-22 | 120360 | 17.03.2022 | KSEB | ” |
| S0058/22-മല്ലപ്പള്ളി ബ്ലോക്ക് | 500452 | 25.03.2022 | KSEB | ” |

| | | | | |
|---|---|---|---|---|
| പഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ -ജനറൽ | | | | |
| S0076/22-മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി ലൈൻ നീട്ടൽ -SO | 378780 | 01.12.2021 | KSEB | ” |
| S0010/22-മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി ലൈൻ നീട്ടൽ KSEB ഡിപ്പോസിറ്റ്-2021-22 | 377954 | 26.02.2022 | KSEB | ” |
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്തതിൽ വിനിയോഗസാക്ഷ്യപത്രം ലഭിക്കുവാൻ അവശേഷിക്കുന്നത് ₹ 5396717 | | | | |

നിർവ്വഹണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ടി പ്രവൃത്തികൾ സംബന്ധിച്ച് അവലോകനം നടത്തി തുടർനടപടികൾ സ്വീകരിക്കുവാൻ ഭരണ സമിതിയോട് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. വിനിയോഗ സാക്ഷ്യപത്രം, വാല്യുവേഷൻ സർട്ടിഫിക്കറ്റ്, ലക്ഷ്യമിട്ട ഭൗതിക നേട്ടങ്ങൾ കൈവരിച്ചത് സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ സഹിതമുള്ള മറുപടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 തുല്യതാ പഠനം - പഠിതാക്കളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

പ്രോജക്ട് നം. - 50/22

പ്രോജക്ടിന്റെ പേര് - തുടർ സാക്ഷരതാ 10 -ാം തരം , 12-ാം തരം തുല്യതാ പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസ്.

ജില്ലാ സാക്ഷരതാ മിഷൻ കോ-ഓർഡിനേറ്ററുടെ അറിയിപ്പുകൾ പ്രകാരം , 10-ാം തരം തുല്യതാ കോഴ്സിനുള്ള 10 പഠിതാക്കളുടെ കോഴ്സ് ഫീസ് 18500 രൂപയും (കത്ത് നം. -EQ 10-15-68/ULM/PTA/21, 09.08.21 ) , 12 -ാം തരം തുല്യതാ കോഴ്സിനുള്ള 12 ഗുണഭോക്താക്കളുടെ ഫീസ് 30000 രൂപയും ബിൽ നം. 67 ,15.09.21 , ₹48500 പ്രകാരം സാക്ഷരതാ മിഷൻ ഡയറക്ടറുടെ പേരിലുള്ള അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ ഓരോ പഠിതാക്കളുടെയും അപേക്ഷ ,രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, ടി പഠിതാക്കൾ തുല്യത നേടിയിട്ടുണ്ടോയെന്നുള്ള പരിശോധനയ്ക്ക് പരീക്ഷയിൽ പങ്കെടുത്തതിന്റെ വിശദാംശങ്ങൾ , റിസൾട്ട് സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ ഹാജരാക്കിയില്ല. നിർവഹണ ഉദ്യോഗസ്ഥയുടെ പ്രോജക്ട് ഫയലിൽ ടി വിവരങ്ങൾ (പകർപ്പ്) സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-15 പാലിയേറ്റീവ് കെയർ പദ്ധതി -മരുന്നുകൾ ലഭിച്ചില്ല

പാലിയേറ്റീവ് കെയർ പദ്ധതിയിൽ ഉൾപ്പെട്ട മരുന്നുവാങ്ങലിനായി , കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന്റെ പ്രൊഫോമ ഇൻവോയ്സ് PRF3726 /01.12.21 പ്രകാരം 27 ഇനം മരുന്നുകൾക്ക് 30250 രൂപ ടി സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് ട്രഷറി ബിൽ (നം. 182 /15.12.21 ) മുഖേന മുൻകൂറായി ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ ടി മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 പാലിയേറ്റീവ് കെയർ - വാടക വാഹനം മറ്റാവശ്യങ്ങൾക്കും ഉപയോഗിക്കുന്നു

2021-22 വർഷത്തെ പാലിയേറ്റീവ് പ്രോജക്ടുമായി ബന്ധപ്പെട്ട് വാഹനം വാടകയ്ക്ക് എടുത്തിട്ടുണ്ട്. മാസ വാടകയ്ക്ക് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ക്വട്ടേഷൻ സമർപ്പിച്ചവരിൽ നിന്നും, ഏറ്റവും കുറവ് ക്വാട്ട് ചെയ്ത ശ്രീ. എം.വി മാത്യുവിന്റെ ക്വട്ടേഷനാണ് അംഗീകരിച്ചത്. ക്വട്ടേഷൻ നോട്ടീസിൽ മാസവാടകയ്ക്ക്, പരമാവധി 1200 കി.മീ എന്ന് സ്പെസിഫൈ ചെയ്തിട്ടുണ്ട്. ലോഗ് ബുക്ക് പ്രകാരം ഒരുമാസം ശരാശരി 300 കി. മീ ദൂരം, ശരാശരി 12 ദിവസം മാത്രമാണ് പാലിയേറ്റീവ് കെയർ ഹോം വിസിറ്റിനായി വാഹനം ഓടിയത്. ടി ദിവസങ്ങളിൽ രാവിലെ 9.30 മുതൽ പരമാവധി 1.30 വരെ മാത്രമേ ഹോം വിസിറ്റിനായി ഉപയോഗിച്ചിട്ടുള്ളു. ബാക്കി ദിവസങ്ങളിൽ പാലിയേറ്റീവ് കെയർ പദ്ധതിയുമായി ബന്ധമില്ലാത്ത യാത്രകളാണ് നടത്തിയിരിക്കുന്നത്. അവ ടി വാടക തുകയിൽ ഉൾപ്പെടുന്നുവോയെന്ന് വ്യക്തമല്ല. ഒരു മുദ്രപത്രം സൂക്ഷിച്ചിട്ടുണ്ടെങ്കിലും കരാർ എഴുതിയിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 11 തീയതി 21.03.2023) മറുപടി നൽകിയിട്ടില്ല.
തുടർ വർഷങ്ങളിൽ പാലിയേറ്റീവ് കെയറിനായി ഓടുന്നതിനു മാത്രമേ പദ്ധതി ചെലവിൽ ഉൾപ്പെടുത്തി വാഹന വാടക നൽകാവൂ. മറ്റ് ആവശ്യങ്ങൾക്ക് വാഹനം ഓടുന്നതിന്റെ ചെലവ് പാലിയേറ്റീവ് ചെലവിൽ ഉൾപ്പെടുന്നില്ലായെന്ന് മെഡിക്കൽ ഓഫീസർ ഉറപ്പു വരുത്തേണ്ടതാണ്.

## 1-17 മരുന്നുകൾ ലഭ്യമായില്ല

പ്രോജക്ട് നം. 21/21-22 , മല്ലപ്പള്ളി താലൂക്ക് ആശുപത്രിയിൽ മരുന്നുവാങ്ങൽ

മെയിന്റനൻസ് ഫണ്ട് റോഡിതരം -799998/-

കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ മുൻകൂറായി തുക ഒടുക്കിയിട്ടുണ്ടെങ്കിലും മരുന്നുകൾ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ട്രഷറി ബിൽ നം, തീയതി | തുക | പ്രൊഫോർമ ഇൻവോയ്സ് |
|---|---|---|
| 17/15.06.21 | 24759 | PRF 583 , 24759 ( 2 ഇനം മരുന്നുകൾ ) |
| 223/04.01.22 | 662761 | PRF4385 , 662761 ( 41 ഇനം മരുന്നുകൾ) |
| 364/10.03.22 | 100230 | PRF 6693, 100230 |
| ആകെ | 787750 | |

മോർഫിൻ ടാബ്ലറ്റ് എന്ന മരുന്ന് വാങ്ങിയതിൽ ചുവടെ ചേർത്തിരിക്കും വിധമുള്ള ഇടപാട് നടന്നതായി കാണുന്നു. താലൂക്ക് ആശുപത്രിയുടെ അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്തതിൽ വ്യക്തത വരുത്തേണ്ടതാണ്.

| ട്രഷറി ബിൽ നം, തീയതി | തുക | ടാക്സ് ഇൻവോയ്സ് | അക്കൗണ്ട് നം. |
|---|---|---|---|
| 226 , 28.01.22 | 12248 | L/438/21-22<br>(Lissie Hospital Pharmaceuticals) | 0314073000000340<br>(താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ ) |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. മുൻകൂർ നൽകിയിട്ടും ആവശ്യമായ മരുന്നുകൾ ലഭിച്ചിട്ടില്ലാത്തതിനാൽ രോഗികൾക്ക് അവശ്യ മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യാൻ കഴിയാത്ത അവസ്ഥ ഒഴിവാക്കേണ്ടതുണ്ട്.അപാകതകൾക്ക് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 പണി നടത്താതെ തുക അനുവദിച്ചു

മലപ്പള്ളിബ്ലോക്ക് പഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന പദ്ധതി, സ്പിൽ ഓവറായി പ്രോജക്ട് നം. S0053/22-പനക്കപതാൽ സാംസ്കാരിക നിലയം അറ്റകുറ്റപണി വാർഡ് 3 കൊറ്റനാട് ഗ്രാമപഞ്ചായത്ത്- എന്ന പേരിൽ 2021-22-ൽ നടപ്പിലാക്കി. അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായ ടി പ്രോജക്ടിന്റെ ആകെ ചെലവ് 356779/- രൂപയാണ്(വികസന ഫണ്ട് (എസ്.സി.പി.)). 13.01.2021-ൽ Agrt No. 14/2020-21 /AE/LSGD/MLPY -ആയി ഡേവിസ് കെ. ചെറിയാൻ എന്ന കരാറുകാരന് 6 മാസ കാലയളവിൽ പണി പൂർത്തീകരിക്കുന്നതിലേക്ക് കരാർ നൽകിയതാണ്. ഇ-ടെണ്ടർ വഴി വർക്ക് ഏറ്റെടുത്ത പ്രവൃത്തിയ്ക്ക്, ഐറ്റം റേറ്റ് കോൺട്രാറ്റ് പ്രകാരമാണ് ടി ആൾ കരാർ ഏറ്റെടുത്തിരിക്കുന്നത്. 16.08.2021-ൽ പൂർത്തീകരിച്ച പ്രസ്തുത പ്രവൃത്തി 25.02.2022-ൽ അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ ചെക്ക് മെഷർചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് 26/02/2022-ൽ പ്രതിഫലം നൽകുകയുമുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ഫണ്ടിനം | : | വികസന ഫണ്ട് (എസ്.സി.പി.) |
| ചെലവ് തുക | : | ₹ 356779/-<br>BRNo. 21050863015401213883 Date. 26/02/2022 |

പ്രവൃത്തിയുടെ പൂർത്തീകരണം പരിശോധിയ്ക്കുന്നതിന് 21.03.2023-ന് 11 മണിയ്ക്ക് ഭൗതികപരിശോധന നടത്തിയതിൽ ഏറ്റെടുത്ത വർക്കുകളിൽ ചുവടെ ചേർക്കുന്ന പ്രവൃത്തി നടത്തിയിട്ടില്ലായെന്ന് വ്യക്തമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | എഗ്രിമെന്റ് പ്രകാരമുള്ള നിരക്ക് | M-Book പ്രകാരം നൽകിയ നിരക്ക് |
|---|---|---|
| 35 – Wall Painting With Acrylic Emulsion Paint Of Approved Brand | | |
| M -Book No. 14<br>Pg No. 80 | 286.330 Sqm @ 116.48/sqm<br>= ₹ 33,351.72 | 241.624 Sqm @ 116.48/sqm<br>= ₹ 28144.36 |

ഭൗതിക പരിശോധയിൽ ടി കെട്ടിടത്തിന്റെ പരാമർശിച്ചിരിക്കുന്ന സ്ഥലങ്ങളായ ടോയിലറ്റ്, കിച്ചൺ, സാംസ്കാരിക നിലയം(അകം & പുറം) കോമ്പൗണ്ട് വാൾ, പില്ലർ സൈഡ് എന്നിവിടങ്ങളിൽ Single Coat Of Water Thinnable Primer മാത്രം ഉപയോഗിച്ചിട്ടുള്ളുവെന്ന് വ്യക്തമായി (ചിത്രങ്ങൾ 1, 2 )(ഇനം നം. 34 പ്രകാരമുള്ള ചെലവ് ).

ചിത്രം : 1



ചിത്രം : 2



ഇപ്രകാരം യഥാർത്ഥത്തിൽ ചെയ്യാത്ത ഇനം പ്രവൃത്തി ചെയ്തതായി എം ബുക്കിലും, അന്തിമ ബില്ലിലും രേഖപ്പെടുത്തി കരാറുകാരന് പ്രതിഫലം നൽകിയതായി വ്യക്തമായിട്ടുണ്ട്. ചെയ്യാത്ത പ്രവൃത്തിയ്ക്ക് തുക അനുവദിച്ചതിനുള്ള വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 13 തീയതി 21.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെയ്യാത്ത പ്രവൃത്തിയ്ക്ക് അനുവദിച്ച നൽകിയ തുക ഓഡിറ്റിൽ അംഗീകരിക്കാവുന്നതല്ല.

ആയതിനാൽ പ്രസ്തുത ഇനത്തിന് നൽകിയ തുക 28144.36 രൂപയും ടി പ്രവൃത്തി നടപ്പിലാക്കിയതായി കണക്കാക്കി കരാറുകാരന് നൽകിയ ജി.എസ്.റ്റി. കോമ്പൻസേഷൻ 3377 രൂപയും (28144 ന്റെ 12% = 3377 ) ഉൾപ്പെടെ 31521 രൂപ പ്രോജക്ട് നിർവ്വഹണം നടത്തിയ അസിസ്റ്റന്റ് എഞ്ചിനീയറിൽനിന്നും വർക്ക് ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറിൽ നിന്നും തുല്യമായി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത ഖണ്ഡിക ചെലവിന് ഖണ്ഡിക 4-9(ബി)-യിൽ പേര് പരാമർശിക്കുന്ന ഉദ്യോഗസ്ഥർ ബാധ്യതപ്പെട്ടിരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ട് | ചെലവഴിച്ച തുക |
|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 686000 | പി.എം.എ വൈ(ജനറൽ വിഹിതം നൽകൽ) | 686000 |

### 4-2 നിക്ഷേപ പ്രവൃത്തികൾ

.

| ക്രമ നം. | പദ്ധതി | ഏജൻസി | തുക |
|---|---|---|---|
| 1 | 10/21-22 മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി ലൈൻ നീട്ടൽ(ജനറൽ) | കെ.എസ്.ഇ.ബി | 2298640 |
| 2 | 76/21-22 മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി ലൈൻ നീട്ടൽ(SO) | | 596726 |
| 3 | 58/21-22 മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി ലൈൻ | | 2799682 |

| | | | |
|---|---|---|---|
| | നീട്ടൽ | | |
| 4 | 61/21-22 മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് പൈപ്പ് ലൈൻ നീട്ടൽ | വാട്ടർ അതോറിറ്റി | 1245000 |
| 5 | 77/21-22 മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് പൈപ്പ് ലൈൻ നീട്ടൽ | | 665000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല

## 4-4 വായ്പ - വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

സ്ഥിര നിക്ഷേപങ്ങൾ ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശങ്ങൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2004-05 | 3-4 | 2007-08 | 3-19-1 | പ്രീമെട്രിക് ഹോസ്റ്റൽ നിർമാണത്തിലെ അപാകത | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |
| 2002-2003 | 2-14 | 2007-09 | 3-13-1(2) | ബില്ലുകൾ, വൗച്ചറുകൾ ഹാജരാക്കിയില്ല | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |
| 2002-2003 | 2-13 | 2007-08 | 3-13-1(3) | ബില്ലുകൾ, വൗച്ചറുകൾ ഹാജരാക്കിയില്ല | മറുപടി നൽകിയിട്ടുണ്ട് |
| 2003-04 | 2-26 | 2007-08 | 3-13-1(4) | ബില്ലുകൾ, വൗച്ചറുകൾ ഹാജരാക്കിയില്ല | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |
| 2006-07 | 3-14 | 2009-10 | 3-8(1) | പയറ്റുകാല കുടിവെള്ള പദ്ധതി - നിർമാണം പൂർത്തീകരിച്ചില്ല | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |

## 4-8 ചാർജ് സർചാർജ് വഴി നഷ്ടം ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 63313046 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 55049859 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കുണ്ടായ നഷ്ടം ഉൾപ്പെടെ) | ₹ 31521 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | ഇല്ല. |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | നിരാകരിച്ച തുക | ഉത്തരവാദിയായവരുടെ പേരും മേൽവിലാസവും |
|---|---|---|
| 3-1 | ₹ 15761 | ശ്രീമതി രാജവല്ലി.എൻ.എസ് അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ |
| 3-1 | ₹ 15761 | ശ്രീ. ദിലീപ് എസ്. ചീരംതോട് |

| | | |
|---|---|---|
| | | അസിസ്റ്റന്റ് എഞ്ചിനീയർ |

തടസ്സപ്പെടുത്തിയ തുക

ഇല്ല

സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് സമയത്തെ) മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി രാജവല്ലി എൻ. എസ്. | അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ എൽ.ഐ.ഡി & ഇ.ഡബ്ല്യൂ സബ്ഡിവിഷൻ , ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് | നെല്ലിക്കുന്നത്ത് , കുറിച്ചിമുട്ടം പി.ഒ, പത്തനംതിട്ട. |
| ശ്രീ. ദിലീപ് എസ്. ചീരംതോട് | അസിസ്റ്റന്റ് എഞ്ചിനിയർ പള്ളം ബ്ലോക്ക്പഞ്ചായത്ത് | ചീരംതോട് വീട്, പാലിയേക്കര പി.ഒ., തിരുവല്ല |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | 1998-99 എൽ.എഫ്.പി.റ്റി.എ-പി5-866/99 തീ.31-01-01 | 8 |
| 1999-00 | എൽ.എഫ്.പി.റ്റി.എ-പി5-443/00 തീ.05-05-01 | 1 |
| 2000-01 | എൽ.എഫ്.പി.റ്റി.എ-പി5-708/02 തീ. 05-03-04 | 5 |
| 2001-02 | എൽ.എഫ്.പി.റ്റി.എ-പി5-312/04, തീ.04.11.14 | 1 |
| 2002-03 | എൽ.എഫ്.പി.റ്റി.എ-പി6-257/06 തീ. 05-03-07 | 1 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി6-881/07 തീ. 07-06-08 | 6 |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി6-882/07തീ. 07-06-08 | 2 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി6-883/07തീ. 03-04-08 | 6 |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി6-700/08 തീ. 15-05-09 | 2 |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി3-704/09 തീ. 13-05-11 | 10 |
| 2008-09 | എൽ.എഫ്.പി.റ്റി.എ-പി2-564/11 തീ.13-12-11 | 7 |
| 2009-10& 10-11 | എൽ.എഫ്.പി.റ്റി.എ-പി2-113/13 തീ.03-09-13 | 5 |
| 2011-12&12-13 | എൽ.എഫ്.പി.റ്റി.എ-പി2-211/14 തീ.12-09-14 | 4 |
| 2013-14 | എൽ.എഫ്.പി.റ്റി.എ-പി2-124/15 തീ.06-06-15 | 3 |
| 2014-15 | നം.കെ.എസ്.എ.പി.റ്റി.എ.പി2-320/2016 തീയതി: 22.03.2016 | 7 |
| 2015-16 | നം.കെ.എസ്.എ.പി.റ്റി.എ.പി13-335/2017 തീയതി: 06.05.17 22.03.2016 | 13 |
| 2016-17 | നം.കെ.എസ്.എ.പി.റ്റി.എ.പി12-1302/2017 തീയതി: 07.12.2017 | 9 |
| 2017-18 | നം.കെ.എസ്.എ.പി.റ്റി.എ.പി12-/343/2019 തീയതി: 08.05.2019 | 8 |
| 2018-19 | നം.കെ.എസ്.എ.പി.റ്റി.എ.പി12-923/2019 തീയതി: 29.11.2019 | 9 |
| 2019-20 | നം.കെ.എസ്.എ.പി.റ്റി.എ.പി12-924/2021 തീയതി: 17.01.2022 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ.പി.റ്റി.എ.പി12/925/2021 തീയതി. 17.01.22 | എല്ലാ ഖണ്ഡികകളും |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്